AIKMCC

ഒരു സ്വപ്നം പൂവണിയുമ്പോൾ...

SHIHAB THANGAL CENTRE FOR HUMANITY

A Space Marketing Feature

പൊടി പുരണ്ട തെരുവോരങ്ങളിലും പീടികത്തിണ്ണകളിലും ജീവിതത്തിന്റെ സൗന്ദര്യം എന്തെന്നറിയാതെ ഭക്ഷണവും പാർപ്പിടവും വിദ്യാഭ്യാസവും നഷ്ടപ്പെട്ട് കഴിയേണ്ടവരുന്ന ഒരു ജനസമൂഹത്തിന് പ്രതീക്ഷയുടെ തണലായി ആൾ ഇന്ത്യാ കെ.എം.സി.സി ബെംഗളൂരു സെൻട്രൽ കമ്മിറ്റി ശിഹാബ് തങ്ങൾ സെൻറർ ഫോർ ഹ്യുമാനിറ്റി (എസ്. ടി.സി.എച്ച്) എന്ന കാരുണ്യ ഭവനം ഇന്ന് കന്നഡ നാടിന് സമർപ്പിക്കുകയാണ്.

ബെംഗളൂരു മഹാനഗരത്തിന്റെ സാമൂഹിക സേവന രംഗത്ത് എ ഐ കെ എം സി സി നൽകി വരുന്ന സംഭാവനകൾ ചെറുതല്ല. വിശിഷ്യാ അശുപത്രികളുമായിബന്ധപ്പെട്ട് സംഘടനയുടെ സന്നദ്ധ ഭടൻമാർ നൽകുന്ന സേവന പ്രവർത്തനങ്ങൾ. ചികിത്സക്കായി നാട്ടിൽ നിന്നെത്തുന്ന നിരാലംബരായ മലയാളി കുടുംബങ്ങൾക്ക് ആശ്വാസത്തിന്റെ കുളിർ തെന്നലുമായി എഐകെഎംസിസി നൽകുന്ന സേവനം അതി വിപുലമാണ്. ചികിത്സാ ചെലവുകളിൽ ഇളവ് ലഭ്യമാക്കൽ, വിദഗ്ധ ചികിത്സക്കുള്ള സംവിധാനം ഏർപ്പെടുത്തൽ, രക്ത ദാനം, രോഗിയുടെ ബന്ധുക്കൾക്ക് താമസ ഭക്ഷണ സൗകര്യം ഏർപ്പെടുത്തൽ, സ്കോളർഷിപ്പുകൾ, അർഹരായവർക്കുള്ള മാസാന്ത റേഷൻ, റംസാൻ റിലീഫ് കിറ്റ് വിതരണം, സാമ്പത്തിക പ്രതിസന്ധികളിൽ സഹായങ്ങൾ എത്തിക്കൽ, രോഗി മരണപ്പെടുന്ന സാഹചര്യങ്ങളിൽ മയ്യിത്ത് പരിപാലിക്കാനും നാട്ടിലെത്തിക്കാനുമുള്ള സംവിധാനമേർപ്പെടുത്തൽ, കേരള മുസ്ലിംങ്ങളുടെ അസ്തിത്വവും പൈതൃകവും വിളിച്ചോതുന്ന രീതിയിൽ മത സൗഹാർദ്ദ സംഗമ വേദികളായി മാറുന്ന ഇഫ്താർ മീറ്റുകൾ തുടങ്ങിയവ അവയിൽ ചിലത് മാത്രം.

ഏഷ്യയിലെ ഏറ്റവും വലിയ ന്യൂറോ സൈക്യാട്രിക്ക് ഹോസ്പിറ്റലായ നിംഹാൻസിലേക്ക് നാട്ടിൽ നിന്ന് ധാരാളം രോഗികളെത്താറുണ്ട്. അവരെ സഹായിച്ചും പരിചരിച്ചും എഐകെഎംസിസി പ്രവർത്തകർ ജീവകാരുണ്യ രംഗങ്ങളിൽ സജീവമായി ഇടപ്പെട്ടുക്കൊണ്ടിരുന്നുവെങ്കിലും ആശുപത്രിയിലെത്തുന്ന മാനസിക രോഗികൾക്ക് താമസിക്കുന്നതിന് സൗകര്യം ഒരുക്കാനും ജീവകാരുണ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനുമാണ് ശിഹാബ് തങ്ങൾ സെൻറർ ഫോർ ഹ്യുമാനിറ്റി യാഥാർത്ഥ്യമാക്കിയത്. ദീർഘകാല പരിചരണം ആവശ്യമായ കിടപ്പിലായ രോഗികളെ വീടുകളിൽ ചെന്ന് പരിചരിക്കുന്ന കേരള മോഡൽ പാലിയേറ്റീവ് ഹോം കെയർ, രക്തദാനം, രക്ദാന സേന മുതലായവ നിരവധി പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

എസ്.ടി.സി.എച്ചിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് നടത്തിയ സമൂഹ വിവാഹം ചരിത്രത്തിൽ ഇടം നേടുന്നതായിരുന്നു. തമിഴ്നാട്, കർണ്ണാടക, ആന്ധ്രപ്രദേശ് സംസ്ഥാനങ്ങളുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അമ്പത്തിയൊൻപത് യുവതീയുവാക്കൾക്കാണ് മംഗല്യ ഭാഗ്യമൊരുക്കിയത്.

ഇന്ന് ഈ കാരുണ്യ ഭവനം നാടിന് സമർപ്പിക്കുമ്പോൾ ബെംഗളൂരുവിലെ ഒരോ മലയാളിക്കും അഭിമാനിക്കാവുന്ന നിമിഷങ്ങളാണ്. അതോടൊപ്പം നിറഞ്ഞ ചാരിതാർത്ഥ്യവും. സ്വന്തമായൊരു വീടെടുക്കുന്നതിലും സൂക്ഷ്മതയോടെയും സമർപ്പണത്തോടെയും ഈ സെൻറർ പൂർത്തിയാക്കാൻ സാധിച്ചതിന്റെ അനിർവ്വചനീയ സന്തോഷം ഇതിനു പിന്നിൽ പ്രവർത്തിച്ചവർക്കുണ്ട്.

എസ്.ടി.സി.എച്ച് കേവലമൊരു കെട്ടിടമല്ല. മറിച്ച് ഒരു ഉന്നത സംസ്കാരത്തെയാണത് മുന്നോട്ട് വെക്കുന്നത്. ഹരിത രാഷ്ട്രീയത്തിന്റെ \•bpw മുഹമ്മദലി ശിഹാബ് തങ്ങളുടെ സ്നേഹവും, ഖാഇദേ മില്ലത്തിന്റെ കരുതലും സമന്വയിച്ചൊരു മനുഷ്യത്വത്തിന്റെ നവസംസ്കാരമാണ് ഈ സെൻറർ. ജാതി മത വർണ്ണ ദേശങ്ങൾക്കതീതമായി ആ സംസ്കാരം പ്രചരിക്കേണ്ടതുണ്ടെന്ന നമ്മുടെ വിശ്വാസമാണ് കനൽ വഴിയിലെ നമ്മുടെ പ്രചോദനം. മനുഷ്യത്വത്തിന്റെ ഈ സംസ്കാരം ഞങ്ങൾക്ക് പകർന്നു തന്നത് മുൻപേ നടന്നു പോയ ഞങ്ങളുടെ നേതാക്കളാണ്. അവരവശേഷിപ്പിച്ചു പോയ ഉന്നത മൂല്യങ്ങളെ സ്ഥല കാല അതിർത്തികൾ ഭേദിച്ച് പ്രചരിപ്പിക്കുവാൻ നാഥൻ നമ്മെ തെരെഞ്ഞെടുത്തുവെന്നത് ഒരു നിമിത്തം മാത്രം. കന്നട മണ്ണിനും ഞങ്ങൾ ശിഹാബ് തങ്ങൾ മലയാളക്കരയേയും ലോകത്തെയും പഠിപ്പിച്ച മനുഷ്യത്വത്തിന്റെ സംസ്കാരത്തെ പരിചയപ്പെടുത്തുകയാണിവിടെ.

ആതുര സേവന, ജീവകാരുണ്യ പ്രവർത്തന രംഗത്ത് ജാതി മത വർണ്ണ ദേശ ഭാഷ വൈജാത്യങ്ങൾക്കതീതമായി നമ്മൾ നടത്തി വരുന്ന പ്രവർത്തനങ്ങളാണ് ബംഗ്ലൂർ മലയാളികളെ ഈ പ്രസ്ഥാനത്തെ ഏറ്റെടുക്കാൻ പ്രേരിപ്പിക്കുന്നത്. നമ്മുടെ ചാരിറ്റി പ്രവർത്തനങ്ങളുമായി സഹകരിക്കാൻ ബെംഗളൂരുവിലെ നിർധനർ മുതൽ സമ്പന്നർ വരെയും നാട്ടിലെയും വിദേശത്തു നിന്നടക്കം ധാരാളമാളുകൾ മുന്നോട്ടു വന്നു. പലരും എവിടെയും പേര് പരാമർശിക്കരുതെന്ന പ്രത്യേക നിബന്ധയോടെയാണ് സഹായിച്ചത്. നിങ്ങൾക്ക് പ്രതിഫലം തരാൻ ഞങ്ങൾക്ക് സാധ്യമല്ല. എന്നാൽ സഹായിച്ചവർക്ക് വേണ്ടി പ്രാർത്ഥനാ സദസുകളിൽ സയ്യിദൻമാരും, ഉലമാക്കളും, ഉമറാക്കളും പ്രാർത്ഥിക്കും. അപ്പോഴൊക്കെ ഞങ്ങളുടെ കണ്ണിലും കാതിലും മനസിലും ഒരിറ്റ് കണ്ണീർ പൊഴിയും. ആ നേരം ഒരു ആമീൻ മാത്രം.

കഴിഞ്ഞ നാലുവർഷക്കാലമായി ബംഗ്ലൂർ മലയാളികൾ മനസ്സിൽ താലോലിച്ച ഒരു സ്വപ്ന പദ്ധതി പുവണിയുന്ന ധന്യ മുഹൂർത്തത്തിലേക്ക് നിങ്ങളെയും ഹൃദയപൂർവ്വം ക്ഷണിക്കുകയാണ്. 2019 മാർച്ച് രണ്ട് മൂന്ന് തിയ്യതികളിൽ നിംഹാൻസ് കൺവൻഷൻ സെൻറിൽ(എ.ബി ഖദർ ഹാജിസ്വാലിഹ് കൊയ്യോട് നഗർ) വൈകിട്ട് ആറു മണി മുതൽ നടക്കുന്ന പരിപാടികളിൽ സാന്നിദ്ധ്യം കൊണ്ട് ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

എന്ന് ,

പാണക്കാട് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ
(പ്രസിഡണ്ട്)

എം കെ നൗഷാദ് (ജന.സെക്രട്ടറി)
ടി. ഉസ്മാൻ (ട്രഷറർ)

മുഖ്യാതിഥികൾ


എച്ച്.ഡി ദേവഗൗഡ

ഹൈദരലി ശിഹാബ് തങ്ങൾ

എച്ച്.ഡി. കുമാരസ്വാമി

പ്രൊഫ. ഖാദർ മൊയ്തീൻ

പി.കെ. കുഞ്ഞാലിക്കുട്ടി

കെ.സി. വേണുഗോപാൽ

ഇ.ടി. മുഹമ്മദ് ബഷീർ

പി.വി. അബ്ദുൽ വഹാബ്

സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ

കെ.ജെ. ജോർജ്ജ്

സമീർ അഹമ്മദ് ഖാൻ

കബീർ ബാഖവി

രാമലിംഗറെഡ്ഡി

ഡോ. ഉദയ് ബി. ഗരുഡാചാർ

എൻ.എ. ഹാരിസ്

മുജാഹിദ് പാഷ

എസ്.ടി.സി.എച്ച്. ഭാരവാഹികൾ

സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ (പ്രസിഡണ്ട്)

എം.കെ.നൗഷാദ് (ജനറൽ സെക്രട്ടറി)

ടി.ഉസ്മാൻ (ട്രഷറർ)

സിറാജ് ഇബ്രാഹിം സേട്ട് (വൈസ് പ്രസിഡണ്ട്)


കെ.ഹാരിസ് (വൈസ് പ്രസിഡണ്ട്)

ഡോ: എം.എ.അമീറലി (ജോ.സെക്രട്ടറി)

സയ്യിദ് സിദ്ദീഖ് തങ്ങൾ (ജോ.സെക്രട്ടറി)

എം.വി.അബ്ദുൽ നാസർ (ജോ.സെക്രട്ടറി)

വി.എം.ജമാൽ (ജോ.സെക്രട്ടറി)

പി.മുനീർ (ജോ.സെക്രട്ടറി)

മാർച്ച് 2 ശനി വൈകു: 6 മണി

സൗഹൃദ സംഗമം

മുഖ്യാതിഥി:

ശ്രീ.എച്ച്.ഡി ദേവഗൗഡ

(മുൻ ഇന്ത്യൻ പ്രധാനമന്ത്രി)

● വേദിയിൽ ●

ബി. ഇസെഡ് സമീർ അഹമ്മദ് ഖാൻ
(ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി, കർണ്ണാടക)
പ്രകാശ് രാജ് (സോഷ്യൽ ആക്ടിവിസ്റ്റ്)
ദസ്തഗീർ ആഗ (നാഷണൽ വൈസ് പ്രസിഡണ്ട്, IUML)
സിറാജ് ഇബ്രാഹീം സേഠ് (നാഷണൽ സെക്രട്ടറി, IUML)
കെ.പി.എ മജീദ് (ജന.സെക്രട്ടറി, IUML കേരള)
ബി.എം ഫാറൂഖ് MLC
ഡോ.എൻ എ മുഹമ്മദ് (പ്രസിഡൻറ്, എം എം എ)
ഡോ. ഖലീൽ ഇബ്രാഹീം (കിഡ്വായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി)
പ്രസീദ് കുമാർ (CAO, NIMHANS)
എം സി മായിൻ ഹാജി (വൈസ് പ്രസിഡണ്ട്, IUML കേരള)
അബ്ബൂറഹിമാൻ കല്ലായി (സെക്രട്ടറി, IUML കേരള)
എസ് എസ് എ ഖാദർ ഹാജി (ചെയർമാൻ sslI ഗ്രൂപ്പ്)
പി.കെ സഈദ് (ചെയർമാൻ, MD, മകാത്തി ഗ്രൂപ്പ്)
ഡോ. മുഹമ്മദ് മജീദ് (ചെയർമാൻ, സെമി ലാബ്)
ഡോ. മുഹമ്മദ് ഈസ (ഖത്തർ)
പി. മൊയ്തീൻ (നാഷണൽ വൈസ് പ്രസിഡണ്ട്, AIKMCC)
എ.ജി.സി ബഷീർ (പ്രസിഡണ്ട്, കാസർഗോഡ് ജില്ലാ പഞ്ചായത്ത്)

കാരുണ്യ പ്രഭാഷണം:

അൽ ഹാഫിള് അഹമ്മദ് കബീർ ബാഖവി

എ.ഐ.കെ.എം.സി.സി. ബംഗളൂരു സെൻട്രൽ കമ്മിറ്റി ഭാരവാഹികൾ

ടി. ഉസ്മാൻ (പ്രസിഡണ്ട്)

എം. കെ. നൗഷാദ് (ജനറൽ സെക്രട്ടറി)


കെ. ഹാരിസ് (ട്രഷറർ)

നാസർ നീലസന്ദ്ര (വൈസ് പ്രസിഡണ്ട്

ശംസുദ്ധീൻ അനുഗ്രഹ (വൈസ് പ്രസിഡണ്ട്)

സയ്യിദ് സിദ്ധീഖ് തങ്ങൾ (വൈസ് പ്രസിഡണ്ട്)

വാഴപ്പള്ളി മുഹമ്മദ്കുഞ്ഞി (വൈസ് പ്രസിഡണ്ട്)

ഡോ. എം. എ. അമീറലി (ജോയിന്റ് സെക്രട്ടറി)

നാസർ ഹാജി. വി. കെ. (ജോയിന്റ് സെക്രട്ടറി)

റഹീം ചാവശ്ശേരി (ജോയിന്റ് സെക്രട്ടറി)

എം. റഷീദ് മൗലവി (ജോയിന്റ് സെക്രട്ടറി)

ഹനീഫ് കെആർപുരം ജോയിന്റ് സെക്രട്ടറി

അഡ്വ. ഇല്യാസ് (ലീഗൽ അഡ്വൈസർ)

മുനീർ ആബൂസ് (ഇന്റേണൽ ഓഡിറ്റർ)

മാർച്ച് 3 ഞായർ, രാവിലെ 6 മണി

രക്തദാന ബോധവൽക്കരണത്തിന്റെ ഭാഗമായി വാക്കത്തോൺ
ടൗൺ ഹാൾ പരിസരത്തുനിന്നും കബ്ബൺ പാർക്കിലേക്ക്

വൈകു: 6 മണി

STCH ഉദ്ഘാടനപരിപാടി

● വേദിയിൽ ●

പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ
(രാഷ്ട്രീയ കാര്യ സമിതി അദ്ധ്യക്ഷൻ, IUML)
എച്ച്.ഡി കുമാരസ്വാമി (കർണ്ണാടക മുഖ്യമന്ത്രി)
പ്രൊഫ. കെ.എം ഖാദർ മൊയ്തീൻ (പ്രസിഡണ്ട്, IUML ദേശീയ കമ്മിറ്റി)
പാണക്കാട് സയ്യിദ് സ്വാദിഖലി ശിഹാബ് തങ്ങൾ (രക്ഷാധികാരി, STCH)
പി.കെ കുഞ്ഞാലിക്കുട്ടി എം.പി (ജനറൽ സെക്രട്ടറി, IUML ദേശീയ കമ്മിറ്റി)
കെ.സി വേണുഗോപാൽ എം.പി (ജന.സെക്രട്ടറി, AICC)
ഇ.ടി മുഹമ്മദ് ബഷീർ (ഓർഗനൈസിംഗ് സെക്രട്ടറി, IUML ദേശീയ കമ്മിറ്റി)
പി.വി.അബ്ദുൽ വഹാബ് എം.പി. (ട്രഷറർ, IUML ദേശീയ കമ്മിറ്റി)
ഡി.കെ ശിവകുമാർ (ജലസേചന വകുപ്പ് മന്ത്രി, കർണ്ണാടക)
കെ.ജെ ജോർജ്ജ് (ചെറുകിട വ്യവസായ വകുപ്പ് മന്ത്രി, കർണ്ണാടക)
പാണക്കാട് സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ (രക്ഷാധികാരി, STCH)
പാണക്കാട് സയ്യിദ് റഷീദലി ശിഹാബ് തങ്ങൾ (ചെയർമാൻ, കേരള വഖഫ് ബോർഡ്)
ഡോ. എം കെ മുനീർ MLA (പ്രതിപക്ഷ ഉപനേതാവ്, കേരള)
ഡോ. ബി.എൻ ഗംഗാധർ (ഡയറക്ടർ, നിംഹാൻസ്)
ഡോ.ബി ബദരിനാരായൻ (മെഡിക്കൽ സുപ്രണ്ട്, നിംഹാൻസ്)
ആർ. രാമലിംഗ റെഡ്ഡി MLA
ഉദയ് ബി ഗരുഡാചാർ MLA
ആർ റോഷൻ ബാഗ് MLA
എൻ.എ ഹാരിസ് MLA
വി.കെ ഇബ്രാഹീം കുഞ്ഞ് MLA
പി. ഉബൈദുല്ല MLA
കെ എം ഷാജി MLA
എൻ എ നെല്ലിക്കുന്ന് MLA
ടി.വി ഇബ്രാഹീം MLA
പാറക്കൽ അബ്ദുല്ല MLA
ബി.എം ഫാറൂഖ് MLC
ഡോ. പിഎ ഇബ്രാഹിം ഹാജി (കോ.ചെയർമാൻ, മലബാർ ഗോൾഡ്)
എ.പി ഷംസുദ്ദീൻ ബിൻ മുഹ്യുദ്ദീൻ (ദുബൈ)
ഖാദർ തെരുവത്ത്
ഡോ. അൻവർ അമീൻ (MD, റീജൻസി ഗ്രൂപ്പ്)
അബ്ബൂറഹ്മാൻ Ex. MP
മുജാഹിദ് പാഷ (കൗൺസിലർ, BBMP)
എം.എ.റസാഖ് മാസ്റ്റർ (ജന.സെക്രട്ടറി, സി.എച്ച്. സെൻറർ കോഴിക്കോട്)
ഷംസുദ്ദീൻ അബൂബക്കർ (ജന. സെക്രട്ടറി, AIKMCC ദേശീയ കമ്മിറ്റി)
സി.കെ സുബൈർ (ജനറൽ സെക്രട്ടറി, MYL ദേശീയ കമ്മിറ്റി)
ടി.പി അഷ്റഫലി (പ്രസിഡണ്ട്, MSF ദേശീയ കമ്മിറ്റി)
അഡ്വ. പി.കെ ഫിറോസ് (ജനറൽ സെക്രട്ടറി, MYL കേരള)
അഡ്വ. ഹാരിസ് ബീരാൻ

ആശംസകളോടെ, ഏരിയാ കമ്മിറ്റികൾ

● ബനശങ്കരി ● ബല്ലന്നൂർ ● ബിഡദി ● ബൊമ്മനഹള്ളി ● ബിടിഎം ● ഇലക്ട്രോണിക് സിറ്റി ഫേസ് 1 ● ഇലക്ട്രോണിക് സിറ്റി ഫേസ് 2 ● ഗൗരിപാളയം ● എച്ച്.എ.എൽ. ● ഹെബ്ബാൾ ● എച്ച്.എസ്.ആർ. ● ജയനഗർ ● കലാസിപാളയം ● കമ്മനഹള്ളി ● കോറമംഗല ● കെ.ആർ.പുരം ● മഡിവാള ● മെജസ്റ്റിക് ● മല്ലേശ്വരം ● മാണ്ഡ്യ ● മാർത്തഹള്ളി ● മുരുകേഷ്പാളയ ● നീലസന്ദ്ര ● പീനിയ ദാസറഹള്ളി ● രാമമൂർത്തി നഗർ ● സാറ്റലൈറ്റ് ● ശിവാജിനഗർ ● താനറി റോഡ് ● വൈറ്റ് ഫീൽഡ് ● യശ്വന്തപുരം